# റേഷൻ കാർഡ് പുതുക്കൽ – FAQs

പൊതുവായ വിവരങ്ങൾ

- റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് റേഷൻ കടകൾ വഴി നൽകുന്ന അപേക്ഷാ ഫാറത്തിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ തെറ്റാണെന്ന് കണ്ടെത്തുന്ന പക്ഷം ക്രിമിനൽ നിയമ പ്രകാരമുള്ള നടപടി ഉൾപ്പെടെ സ്വീകരിക്കുന്നതായിരിക്കും.

- റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് 1800–425–1550/1967 എന്ന ടോൾഫ്രീ നമ്പറിലും 9495998223, 9495998224, 9495998225 എന്നീ കൺട്രോൾ റൂം നമ്പറുകളിലും ബന്ധപ്പെടാവുന്നതാണ്.

- റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന സംശയങ്ങൾക്ക് മറുപടി ലഭിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിന്റെ http://www.civilsupplieskerala.gov.in എന്ന URL- ലെ Telephone numbers ലിങ്കിൽ നിന്നും ജില്ല/താലൂക്ക് സപ്ലൈ ആഫീസർമാരുടെ വിവരങ്ങൾ ലഭിക്കുന്നതായിരിക്കും.

01. **റേഷൻ കാർഡ് പുതുക്കുന്നതിന് എന്തൊക്കെയാണ് ചെയ്യേണ്ടത്?**

നിലവിലുള്ള റേഷൻ കാർഡുകൾ പുതുക്കുന്നതിനായി അപേക്ഷാഫോറങ്ങൾ തങ്ങളുടെ റേഷൻ കാർഡ് ഏത് റേഷൻ കടയുടെ കീഴിലാണോ ആ റേഷൻ കടയിൽ നിന്നും 2015 ജനുവരി ഒന്നു മുതൽ പതിനേഴ് വരെ സൗജന്യമായി ലഭിയ്ക്കും. അപേക്ഷാഫാറം പൂരിപ്പിക്കുന്നതിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ ഒരു ലഘുലേഖയും ഇതോടൊപ്പം ലഭിക്കുന്നതാണ്.

02. **പൂരിപ്പിച്ച അപേക്ഷകൾ റേഷൻ കടയിൽ നൽകിയാൽ മതിയോ?**

തെറ്റുകളില്ലാതെ കൃത്യമായി പൂരിപ്പിച്ച അപേക്ഷകൾ താലൂക്ക് തലത്തിൽ സംഘടിപ്പിക്കുന്ന ക്യാമ്പുകളിൽ വച്ചായിരിക്കും തിരികെ വാങ്ങുന്നത്. ക്യാമ്പുകളുടെ വിശദ വിവരങ്ങൾ പത്ര ദൃശ്യ മാധ്യമങ്ങൾ മുഖേന പിന്നീട് അറിയിക്കുന്നതാണ്.

03 **ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണോ റേഷൻ കാർഡുകൾ പുതുക്കുന്നത്? പുതുക്കുന്ന കാർഡിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാകുന്നുണ്ടോ?**

നിലവിൽ ഉപയോഗിച്ചു വരുന്ന റേഷൻ കാർഡിന്റെ കാലാവധി 2012–ൽ അവസാനിച്ചിട്ടുളളതാണ്. ആയതിനാൽ റേഷൻ കാർഡ് പുതുക്കൽ ജോലിയും, ഭക്ഷ്യസുരക്ഷയുടെ ആനുകൂല്യങ്ങൾക്ക് അർഹരായ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്ന ജോലിയും ഒരുമിച്ച് നടത്തുവാൻ സർക്കാർ തീരുമാനിച്ചിരിയ്ക്കുകയാണ്. പുതുക്കുന്ന കാർഡുകൾ മുൻഗണനാ വിഭാഗം, പൊതു വിഭാഗം എന്നീ വിഭാഗങ്ങളിലായിരിക്കും ഉൾപ്പെടുന്നത്. ആനുകൂല്യങ്ങൾക്ക് അർഹരായവർ മുൻഗണനാ വിഭാഗത്തിലും അല്ലാത്തവർ പൊതു വിഭാഗത്തിലുമായിരിക്കും ഉൾപ്പെടുന്നത്. കുടുംബത്തിലെ മുതിർന്ന വനിതാ അംഗത്തിന്റെ പേരിലായിരിക്കും പുതുക്കിയ കാർഡ് നൽകുന്നത്.

04. **റേഷൻ കാർഡ് പതുക്കുന്നതിനുള്ള അപേക്ഷാഫാറം പൂരിപ്പിക്കുന്നതിന് സഹായിക്കുന്നതിന് ആരെയാണ് സമീപിക്കേണ്ടത്.?**

റേഷൻ കാർഡ് പുതുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങടങ്ങിയ ലഘുലേഖ അപേക്ഷാഫാറത്തോടൊപ്പം ലഭിക്കുന്നതാണ്. റേഷൻ കടക്കാരുടെയും കുടുംബശ്രീ പ്രവർത്തകരുടെയും കൺട്രോൾ റൂമിന്റെയും സഹായങ്ങൾ ആവശ്യമെങ്കിൽ നേടാവുന്നതാണ്. ടോൾ ഫ്രീ നം. 1800–425–1550/1967

05. **എന്റെ പേര് കുടുംബത്തിലെ റേഷൻ കാർഡിലാണ്. ആയത് മാറ്റി ഭർത്താവിന്റെ വീട്ടിലെ റേഷൻ കാർഡിലാക്കുവാൻ റേഷൻ കാർഡ് പുതുക്കുന്നതിനോടൊപ്പം കഴിയുമോ?**

കുടുംബത്തിലെ റേഷൻ കാർഡിൽ നിന്നും പേര് മാറ്റി, മറ്റു കാർഡുകളിൽ ചേർക്കുവാനോ, പുതിയ റേഷൻ കാർഡ് ഉണ്ടാക്കുവാനോ ഈ സമയത്ത് ചെയ്യാൻ കഴിയില്ല. പുതുക്കിയ റേഷൻ കാർഡ് നിലവിൽ വന്നശേഷം കുടുംബ കാർഡിൽ നിന്നും പേര് കുറവ് ചെയ്ത് മറ്റ് കാർഡിൽ ചേർക്കാവുന്നതാണ്.

06. **2009–ലെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും എ.പി.എൽ കാർഡാണ് കൈവശമുളളത് കാർഡ് പുതുക്കുമ്പോൾ ഞാൻ ഏതു വിഭാഗത്തിലായിരിക്കും ഉൾപ്പെടുന്നത്?**

മുൻഗണനാ വിഭാഗത്ത കണ്ടെത്തുന്നതിനുള്ള ചോദ്യങ്ങൾ അപേക്ഷാഫാറത്തിൽ ഉണ്ടാകും. ഇവ സത്യസന്ധമായി പൂരിപ്പിച്ച് നൽകുക. ആനുകൂല്യങ്ങൾക്ക് അർഹതയുള്ള പക്ഷം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നതായിരിക്കും.

07. **മേൽ വിലാസം മാറിയിട്ടുണ്ടെങ്കിൽ കാർഡ് പുതുക്കുന്ന സമയത്ത് എന്താണ് ചെയ്യേണ്ടത്?**

മാറിയ മേൽ വിലാസം താങ്കളുടെ കാർഡ് ഉൾപ്പെട്ടിട്ടുള്ള താലൂക്കിൽ തന്നെയാണെങ്കിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ആഫീസുകളിൽ നിന്നും ലഭിക്കുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് റേഷൻ കാർഡ് പുതുക്കുന്നതിനുള്ള

അപേക്ഷാഫാറത്തോടൊപ്പം ക്യാമ്പുകളിൽ ഹാജരാക്കുകയാണെങ്കിൽ മേൽ വിലാസം മാറ്റാവുന്നതാണ്.

**08. റേഷൻ കാർഡ് പുതുക്കുന്ന സമയത്ത് പുതുതായി അംഗങ്ങളുടെ പേരുകൾ ചേർക്കുവാൻ കഴിയുമോ?**

1–1–2015–ൽ രണ്ടു വയസ്സു തികഞ്ഞ കുട്ടികളുടെ പേര്, റേഷൻ കാർഡ് പുതുക്കുന്നതിനുള്ള അപേക്ഷാ ഫാറത്തിൽ എഴുതി ചേർക്കുകയും ബർത്ത് സർട്ടിഫിക്കറ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കുകയും ചെയ്താൽ കുട്ടികളുടെ പേര് ചേർക്കുവാൻ കഴിയും.

**09. റേഷൻ കാർഡ് സറണ്ടർ ചെയ്തുപോയി. സറണ്ടർ സർട്ടിഫിക്കറ്റ് കയ്യിലുണ്ട്. പുതിയ കാർഡ് ഈ സമയത്ത് ലഭിക്കുമോ?**

സറണ്ടർ സർട്ടിഫിക്കറ്റ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ സഹിതം പുതിയ റേഷൻ കാർഡിനുള്ള അപേക്ഷാഫാറത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**10. റേഷൻ കാർഡ് പുതുക്കുന്ന സമയത്ത് സ്ഥലത്തില്ലാത്തവർക്ക് പിന്നീട് അതിനുള്ള അവസരമുണ്ടോ? ഓൺലൈൻ മുഖേന റേഷൻ കാർഡ് പുതുക്കുവാൻ സാധിക്കുമോ?**

ലഭിക്കും. ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റിലെ e-service login വഴിയും, അക്ഷയ, കുടുംബശ്രീ എന്നിവ വഴിയും അപേക്ഷ സമർപ്പിക്കാവുന്നതും കാർഡുടമയെ തിരിച്ചറിയുന്നതിനും ഫോട്ടോ എടുക്കുന്നതിനുമായി ബന്ധപ്പെട്ട സപ്ലൈ ആഫീസ് സന്ദർശിക്കേണ്ടതുമാണ്.

**11. വെവ്വേറെ കാർഡുകളിൽ ഉൾപ്പെട്ടിട്ടുള്ള ഭാര്യയ്ക്കും ഭർത്താവിനും ടി കാർഡുകളിൽ നിന്നും തങ്ങളുടെ പേരുകൾ കുറവു ചെയ്തു കൊണ്ട് പുതിയ കാർഡ് ഈ സമയത്ത് അനുവദിച്ചു നൽകുമോ?**

പുതുക്കിയ റേഷൻ കാർഡ് നിലവിൽ വന്നതിനുശേഷം ആയത് ചെയ്യാവുന്നതാണ്.

**12. വനിതാ അംഗങ്ങളുടെ അഭാവത്തിൽ പുരുഷന്റെ പേരിൽ കാർഡ് അനുവദിക്കുമോ?**

അനുവദിക്കുന്നതാണ്.

**13. റേഷൻകാർഡ് സമീപകാലത്ത് നഷ്ടപ്പെട്ടുപോയി. എങ്കിൽ പുതിയ കാർഡ് ലഭിക്കുമോ ?**

ഡ്യൂപ്ലിക്കേറ്റ് കാർഡിനുള്ള അപേക്ഷസഹിതം പുതുക്കലിനുള്ള അപേക്ഷാ ഫാറം സമർപ്പിക്കാവുന്നതാണ്.

14. **ഫോട്ടോ പതിക്കാത്ത പഴയ കാർഡാണ് കൈവശമുള്ളത്. ഈ കാർഡ് പുതുക്കി ലഭിക്കുമോ ?**

നിലവിൽ പ്രാബല്യത്തിലുള്ള കാർഡ് അല്ലാത്തതിനാൽ പുതുക്കൽ പ്രക്രിയ കഴിഞ്ഞ ശേഷം മാത്രം അപേക്ഷ നൽകുക.

15 **വിധവയും നിർധനയും, ആശ്രയരഹിതയുമായ വനിതയാണെങ്കിൽ ഞാൻ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുമോ ?**

ഒഴിവാക്കൽ മാനദണ്ഡത്തിൽ വരുന്നില്ലായെങ്കിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതാണ്.

16. **ഞാനാണ് കുടുംബത്തിലെ മുതിർന്ന വനിത. എന്നാൽ എനിക്ക് മരുമകളുടെ പേരിലാണ് കാർഡെടുക്കുവാൻ താല്പര്യമെങ്കിൽ സാധിക്കുമോ ?**

മുതിർന്ന വനിതാ അംഗത്തിന്റെ സമ്മതപത്രം പ്രകാരം സാധിക്കുന്നതാണ്.

17. **റേഷൻകാർഡ് പുതുക്കുന്ന സമയത്ത് കാർഡുടമയ്ക്ക് ബാങ്ക് അക്കൗണ്ട് നമ്പർ ഉണ്ടായിരിക്കണമെന്ന് നിർബന്ധമുണ്ടോ ?**

ഇല്ല. എന്നാൽ സബ്സിഡി തുക നേരിട്ട് ബാങ്കിലേക്ക് മാറ്റുന്ന പദ്ധതി നടപ്പിലാകുമ്പോൾ ബാങ്ക് അക്കൗണ്ട് നമ്പർ നൽകേണ്ടതായി വരും.

18 **കാർഡുടമയാകാൻ താല്പര്യമില്ലാത്ത വനിതയ്ക്ക് പുരുഷന്റെ പേരിൽ തന്നെ കാർഡ് പുതുക്കി ലഭിക്കുമോ?**

കുടുംബം മുൻഗണനാ വിഭാഗത്തിൽ വരേണ്ടതുണ്ടെങ്കചന്റ നിയമം അനുശാസിക്കുന്ന തരത്തിൽ വനിത കാർഡുടമയാകണം.

19. **പുതുക്കിയ കാർഡുകൾ എന്നുമുതൽ ലഭിച്ചുതുടങ്ങും ? അതുവരെ നിലവിലുള്ള കാർഡുകൾ ഉപയോഗിക്കുവാൻ കഴിയുമോ ?**

ഇപ്പോഴത്തെ സമയക്രമം അനുസരിച്ച് 01/08/2015 മുതൽ പുതിയ റേഷൻകാർഡ് നിലവിൽ വരും. അതുവരെ നിലവിലുള്ള കാർഡ് ഉപയോഗിക്കുവാൻ കഴിയും.

20. **ഫോട്ടോ എടുക്കുന്നതിനായി ക്യാമ്പിൽ വരുമ്പോൾ പഴയ റേഷൻകാർഡ് കൊണ്ടുവരേണ്ടതുണ്ടോ ? മറ്റെന്തെല്ലാം രേഖകൾ കൊണ്ടുവരണം? പഴയ റേഷൻ കാർഡ് തിരികെ നൽകുമോ ?**

പഴയ റേഷൻകാർഡ്, പുതുക്കലിനുള്ള ഫാറം, ഫോട്ടോ പതിച്ച മറ്റൊരു തിരിച്ചറിയൽ രേഖ, എന്നിവ ക്യാമ്പിൽ കൊണ്ടുവരേണ്ടതാണ്.

ഉദാ: Epic, Bank passbook, Driving liecence etc

21. **നിലവിലുള്ള റേഷൻകാർഡിൽ നിന്നും വരുമാനത്തിൽ കുറവു വരുത്താനാണെങ്കിൽ കാർഡ് പുതുക്കുമ്പോൾ എന്താണ് ചെയ്യേണ്ടത് ?**

വില്ലേജ് ആഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് റേഷൻകാർഡ് പുതുക്കാനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ ആയത് ചെയ്യുന്നതാണ്.

22. **എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി മാറ്റുന്നതിന് കളക്ടറേറ്റിൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. പരിശോധനയും കഴിഞ്ഞു. ഇനി ബി.പി.എൽ. കാർഡ് ലഭിക്കുമോ? ഇതിനായി അന്വേഷണം നടത്തേണ്ടതായുണ്ടോ ?**

റേഷൻകാർഡ് പുതുക്കി NFSA നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചതിനാൽ അർഹരായവർക്ക് മുൻഗണനാ കാർഡ് പുതിയ കാർഡായി ലഭിക്കും.

23. **പതിനെട്ട് വയസ് പൂർത്തിയായ മകനുവേണ്ടി മാത്രമായി റേഷൻകാർഡ് ലഭിക്കുമോ? കാർഡ് പുതുക്കൽ കഴിഞ്ഞ് അപേക്ഷിക്കുവാൻ കഴിയുമോ ?**

ഇല്ല. കുടുംബമായി താമസിക്കുന്നവർക്ക് മാത്രം.

24. **അന്യസംസ്ഥാനക്കാരിയായ ഭാര്യയുടെ പേര് അവിടുത്തെ കാർഡിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ടിയാളുടെ പേര് ഇവിടെ ഉൾപ്പെടുത്തുന്നതിന് എന്താണ് ചെയ്യേണ്ടത്?**

പേരൊഴിവാക്കി എന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട സംസ്ഥാനത്ത് നിന്നും ഹാജരാക്കേണ്ടതാണ്

25. **കുട്ടികളുടെ പേര് കാർഡിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇപ്പോൾ ഉൾപ്പെടുത്തുവാൻകഴിയുമോ?**

കുട്ടികളുടെ ബർത്ത് സർട്ടിഫിക്കറ്റിന്റെ പകർപ്പ് അപേക്ഷാ ഫാറത്തോടൊപ്പം ഹാജരാക്കിയാൽ സാധിക്കും. 2 വയസ്സു മുതൽ 12 വയസ് വരെയുള്ളവർക്ക് മാത്രം (01.01.2015 ന് 2 വയസ്സു പൂർത്തിയാകണം)

26. **കാർഡുടമയോ, അംഗങ്ങളോ മരണപ്പെട്ടുപോയാൽ കാർഡ് പുതുക്കുന്നവരെ ഉൾപ്പെടുത്താതിരിക്കാൻ എന്താണ് ചെയ്യേണ്ടത് ?**

ഡെത്ത് സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയാൽ ആയതിന് സാധിക്കും

27. **ജോലിയുടെ ഭാഗമായി മറ്റൊരു സംസ്ഥാനത്തായിരുന്ന എനിയ്ക്ക് അവിടെ റേഷൻ കാർഡുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അത് സറണ്ടർ ചെയ്ത് സർട്ടിഫിക്കറ്റ് സഹിതം കേരളത്തിൽ സ്ഥിരതാമസമാണ്. ഇവിടെ റേഷൻ കാർഡ് ലഭിക്കുവാൻ എന്താണ് ചെയ്യേണ്ടത് ?**

പുതിയ റേഷൻ കാർഡിനുള്ള അപേക്ഷയോടൊപ്പം താമസ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, സറണ്ടർ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയാൽ പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതാണ്.

28. **ഗൃഹനാഥ വിദേശത്താണെങ്കിൽ കുടുംബത്തിലെ കാർഡ് ആരുടെപേരിൽ നൽകും? കുടുംബനാഥ തിരികെ വരുമ്പോൾ കാർഡിൽ ഉടമയുടെ പേരും, ഫോട്ടോയും മാറ്റുവാൻ കഴിയുമോ** ?

കുടുംബത്തോടൊപ്പം സ്ഥിര താമസമില്ലെങ്കിൽ പുരുഷ അംഗത്തിന്റെ പേരിൽ കാർഡ് ലഭിക്കും. കുടുംബനാഥ തിരികെയെത്തുന്ന മുറയ്ക്ക് രേഖകളുടെ അടിസ്ഥാനത്തിൽ പേരുൾപ്പെടുത്തി കാർഡുടമയെ മാറ്റാവുന്നതാണ്.

29. **റേഷൻ സാധനങ്ങൾ ആവശ്യമില്ലെങ്കിൽ കാർഡ് പുതുക്കേണ്ടതായുണ്ടോ? ഒരു അവശ്യരേഖ എന്ന നിലയിൽ മാത്രം റേഷൻ കാർഡ് ഉപയോഗിക്കാൻ കഴിയുമോ ?**

റേഷൻ വിഹിതം ആവശ്യമില്ലെങ്കിലും റേഷൻ കാർഡ് പുതുക്കി കൈവശം വയ്ക്കാൻ സാധിക്കും.പുതുക്കൽ ഫോറത്തിൽ റേഷൻ ആവശ്യമുണ്ടോ എന്ന ചോദ്യത്തിന് ''ഇല്ല' എന്ന് മറുപടി നൽകുക.

30. **എന്റെ റേഷൻ കാർഡ് ഇപ്പോഴുള്ള കടയിൽ നിന്നും സമീപത്തുള്ള കടയിലേക്ക് മാറ്റുവാൻ ഇപ്പോൾ സാധിക്കുമോ ?**

റേഷൻ കാർഡ് പുതുക്കൽ നടപടികൾ പൂർത്തിയായ ശേഷം മാറ്റുവാൻ കഴിയും

31. **പേരിലും, മേൽവിലാസത്തിലും തിരുത്തലുണ്ടെങ്കിൽ എന്താണ് ചെയ്യേണ്ടത് ?**

ആവശ്യമായ സാക്ഷ്യപത്രം, പുതുക്കൽ അപേക്ഷയോടൊപ്പം സമർപ്പിച്ച് തിരുത്തലുകൾ വരുത്താവുന്നതാണ്.

32. **നിലവിലുള്ള കാർഡിൽ പറഞ്ഞിരിക്കുന്ന താലൂക്കിലല്ല/ജില്ലയിലല്ല ഇപ്പോൾ താമസിക്കുന്നതെങ്കിൽ കാർഡ് പുതുക്കുമ്പോൾ എന്താണ് ചെയ്യേണ്ടത് ?**

പഴയ മേൽവിലാസത്തിൽ ഫോറം വാങ്ങുക. പുതുക്കൽ നടപടി അവസാനിച്ചശേഷം പുതിയ ജില്ലയിൽ കാർഡിന് അപേക്ഷിക്കാവുന്നതാണ്.

33. **പുതുതായി പേരുകൾ കൂട്ടിച്ചേർക്കുന്നതിനോ, ഒഴിവാക്കുന്നതിനോ കാർഡ് പുതുക്കുന്നതോടൊപ്പം കഴിയുമോ ?**

ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ സാധിക്കും (സറണ്ടർ സർട്ടിഫിക്കറ്റ്, റിഡക്ഷൻ സർട്ടിഫിക്കറ്റ്, കുട്ടികളുടെ ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ്).

34. **കേരളത്തിൽ സ്ഥിരതാമസമല്ലാത്തവർക്ക് റേഷൻ കാർഡ് ലഭിക്കുമോ ?**

ഇല്ല. കേരളത്തിൽ സ്ഥിരമായി താമസിക്കുന്നവർക്കാണ് റേഷൻ കാർഡ് അനുവദിക്കുന്നത്.

35. **മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നതിനുവേണ്ടിയുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ?**

4.11.2011 ലെ സ.ഉ (കൈ) നം.16/2011/ത.സ്വ.ഭവ, 27.04.2012 ലെ സ.ഉ (കൈ) നം. 112/2012/ത.സ്വ.ഭവ എന്നീ സർക്കാർ ഉത്തരവുകളിൽ പരാമർശിച്ചിട്ടുള്ള വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന മുൻഗണനാ പട്ടികയിൽ നിന്നുമാണ് മുൻഗണനാ വിഭാഗത്തെ തിരഞ്ഞെടുക്കുന്നത്.

36. **റേഷൻ കടയിൽ നിന്നും ലഭിച്ച അപേക്ഷാഫോറം നഷ്ടപ്പെട്ടുപോകുകയോ പൂരിപ്പിച്ചപ്പോൾ തെറ്റിപ്പോവുകയോ ചെയ്താൽ വേറെ അപേക്ഷാഫോറം ലഭിക്കുമോ ?**

ഓരോ കാർഡിനും ഓരോ ഫാറം മാത്രമേ പ്രിന്റ് ചെയ്ത് വിതരണം നടത്തുകയുള്ളൂ. ഫാറം നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടത് കാർഡുടമയുടെ ഉത്തരവാദിത്വമാണ്. വളരെ അടിയന്തിര സന്ദർഭങ്ങളിൽ ബ്ലാങ്ക് ഫോമുകൾ നൽകുന്നതാണ്.

37. **ആനുകൂല്യങ്ങൾക്ക് അർഹനാണെങ്കിലും മുൻഗണനാ പട്ടികയിൽ വന്നില്ലെങ്കിൽ എന്താണ് ചെയ്യേണ്ടത് ?**

പരിശോധനാ കമ്മിറ്റിയ്ക്ക് പരാതി നൽകാവുന്നതാണ്

38. **പുതുക്കിയ കാർഡുകൾ നിലവിൽ വരുമ്പോൾ വിവിധ വിഭാഗത്തിലുള്ള കാർഡുടമകൾക്ക് ലഭിക്കുന്ന റേഷൻ സാധനങ്ങൾ എന്തൊക്കെയാണ് അവയുടെ നിരക്ക് എത്രയാണ് ?**

ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം മുൻഗണനാ വിഭാഗത്തിന് ആളൊന്നിന് 5 കിലോ ഭക്ഷ്യധാന്യവും വീതം ലഭിക്കും. എ.എ.വൈ വിഭാഗത്തിന് 35 കിലോ ഭക്ഷ്യധാന്യവും, മറ്റുള്ള വിഭാഗത്തിന് ലഭ്യതയ്ക്കനുസരിച്ച് 7 മുതൽ 8 വരെ കിലോ ഭക്ഷ്യധാന്യവും

ലഭിക്കും. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിൽ വരുമ്പോഴുള്ള നിരക്ക് സംബന്ധിച്ച് അന്തിമ തീരുമാനം സർക്കാർ തലത്തിൽ തീരുമാനിക്കും.

39. **നിലവിൽ ഒരു കാർഡിലും പേരില്ലാത്ത ഒരാളുടെ പേര് ഇപ്പോൾ പുതുക്കുന്ന റേഷൻ കാർഡിൽ ഉൾപ്പെടുത്തുവാൻ കഴിയുമോ? എന്ത് രേഖയാണ് ഹാജരാക്കേണ്ടത് ?**

കുട്ടികളാണെങ്കിൽ ജനന സർട്ടിഫിക്കറ്റ്, മുതിർന്നവർക്ക് മറ്റൊരു കാർഡിലും ഉൾപ്പെട്ടിട്ടില്ല എന്ന് തെളിയിക്കുന്ന രേഖ.

40. **കുടുംബത്തിലെ മുതിർന്ന വനിതാ അംഗം രോഗബാധിതയും, ക്യാമ്പിൽ വരാൻ കഴിയാത്ത ആളുമാണ്. കുടുംബത്തിൽ മറ്റ് വനിതാ അംഗങ്ങളില്ല. കാർഡുടമയായ പുരുഷൻ മരിച്ചുപോയി എങ്കിൽ കുടുംബത്തിലെ ഇപ്പോഴുള്ള മുതിർന്ന അംഗത്തിന്റേ പേരിൽ കാർഡ് നൽകുമോ?**

ഇത്തരത്തിലുള്ളവർക്ക് കാർഡ് ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ വകുപ്പ് തലത്തിൽ ഏർപ്പെടുത്തുന്നതാണ്.

41. **പുതുക്കുന്ന കാർഡുകൾ ഏത് വിഭാഗത്തിലുൾപ്പെടുന്നു എന്ന് തിരിച്ചറിയുന്നതിന് പുതിയ കാർഡുകൾക്ക് കളർ വ്യത്യാസം നൽകുമോ ഉണ്ടെങ്കിൽ എങ്ങനെ ?**

കളർ വ്യത്യാസം ഉണ്ടാകും.

42. **എന്റെ കാർഡ് നിലവിൽ ബി.പി.എൽ ആണ്. എന്നാൽ സമീപകാലത്തായി എനിയ്ക്ക് സർക്കാർ ജോലി ലഭിച്ചു. ഇപ്പോഴുള്ള കാർഡിൽ നിന്നും വേർപെട്ട് എനിയ്ക്കുമാത്രമായി പുതിയ കാർഡും എന്നാൽ മറ്റംഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിയ്ക്കുകയും ചെയ്യണമെങ്കിൽ എന്താണ് ചെയ്യേണ്ടത്?**

ഒരേ കുടുംബത്തിൽ താമസിക്കുന്നവർക്ക് രണ്ട് കാർഡ് അനുവദിക്കുവാൻ നിയമം അനുവദിക്കുന്നില്ല.

43. **രണ്ടുകുടുംബമാണെങ്കിലും ഒരു വീട്ടിലാണ് താമസിയ്ക്കുന്നതെങ്കിൽ നിലവിലുള്ള റേഷൻകാർഡ് വിഭജിച്ച് രണ്ട് കാർഡായി നല്കുമോ?**

പ്രത്യേക കുടുംബമായി ഒരേ കെട്ടിടത്തിൽ താമസിക്കുകയും ആ വിവരം പഞ്ചായത്ത് അധികാരികൾ സാക്ഷ്യപ്പെടുത്തുകയും ചെയ്താൽ ഇത്തരത്തിലുള്ള അപേക്ഷകൾ പരിഗണിക്കുന്നതാണ്. എന്നാൽ കാർഡ് പുതുക്കലിനുശേഷം മാത്രം.

44. **ഫോറങ്ങൾ പൂരിപ്പിച്ച് നല്കേണ്ടുന്ന ക്യാമ്പുകൾ എവിടെയായിരിക്കും? വിവരങ്ങൾ എങ്ങനെ അറിയുവാൻ കഴിയും?**

റേഷൻകടയ്ക്ക് സമീപം കാർഡുടമകൾക്ക് സൗകര്യപ്രദമായ ഇടങ്ങളിലായിരിക്കും ക്യാമ്പുകൾ ക്രമീകരിക്കുക. ഈ വിവരം പത്രം മുഖേനയും റേഷൻകടയുടമ മുഖാന്തിരവും കാർഡുടമകളെ മുൻകൂട്ടി അറിയിക്കും.

45. **പുതിയ റേഷൻ കാർഡിന്റെ നമ്പർ ഇപ്പോഴുള്ള കാർഡ് നമ്പർ തന്നെയായിരിക്കുമോ?**

അതെ. എന്നാൽ ചില പ്രത്യേക സാഹചര്യത്തിൽ കാർഡ് നമ്പർ മാറിയേക്കാം.

46. **ആർ.സി.എം.എസ്(റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം) ഫ്രീസ് ചെയ്തതിനുശേഷം അത്യാവശ്യമായതിനാൽ അപേക്ഷിച്ചതിൻ പ്രകാരം എനിയ്ക്ക് താല്ക്കാലിക റേഷൻ കാർഡ് നല്കുകയുണ്ടായി. പ്രസ്തുത കാർഡും ഈ അവസരത്തിൽ പുതുക്കുവാൻ കഴിയുമോ?**

കഴിയും

47. **റേഷൻകാർഡ് പുതുക്കുന്നതിനായി അപേക്ഷാ ഫോറത്തിനോടൊപ്പം അസൽ രേഖകളാണോ അതോ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളാണോ ഹാജരാക്കേണ്ടത്?**

ജനനതീയതി സംബന്ധിച്ച് സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും മറ്റുരേഖകൾ അസലും ഹാജരാക്കണം. സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതും അസൽ പരിശോധനയ്ക്കായി ക്യാമ്പുകളിൽ കൊണ്ടുവരേണ്ടതുമാണ്.

48. **ഞാനാണ് വീട്ടിലെ ഏകവനിത എന്നാൽ എന്റെ പേര് ഇപ്പോഴുള്ള കാർഡിലില്ല. കുടുംബത്തിലെ കാർഡിലാണ് എന്റെ പേരുള്ളത്. ഇതിൽ നിന്നും കുറവുചെയ്ത് കാർഡുടമയായി എന്റെ ഫോട്ടോ പതിച്ച പുതുക്കിയ കാർഡ് ലഭിയ്ക്കുമോ?**

നിലവിൽ കുടുംബത്തിലെ പുരുഷ അംഗത്തിന്റെ പേരിൽ കാർഡ് പുതുക്കിയ ശേഷം, വനിതാ അംഗത്തിന്റെ പേര് ചേർത്ത് കാർഡുടമയാക്കാവുന്നതാണ്.

49. **ഞാൻ തമിഴ്/കന്നട ഭൂരിപക്ഷ മേഖലയിലാണ് താമസിക്കുന്നത്. എനിക്ക് തമിഴ്/കന്നടയിലുള്ള ഫോറം ലഭിക്കുമോ?**

തമിഴ്/കന്നട ഭൂരിപക്ഷ മേഖലയിൽ താമസിക്കുന്നവർക്ക് ദ്വിഭാഷാ അപേക്ഷാ ഫോറങ്ങൾ ലഭിക്കും. (ചിറ്റൂർ, ഉടുമ്പൻചോല, ദേവികുളം താലൂക്കുകളിൽ തമിഴ് ഫോറം, കാസർഗോഡ് താലൂക്കിൽ കന്നട ഫോറം).

50. **എന്റെ കാർഡുൾപ്പെടുന്ന റേഷൻകട സസ്പെൻഡ് ചെയ്തു. ഓഫീസിൽ അന്വേഷിച്ചപ്പോൾ ഇത് മറ്റൊരു റേഷൻകടയിൽ അറ്റാച്ച് ചെയ്തിട്ടുണ്ടെന്ന് പറഞ്ഞു. എന്നാൽ എന്റെ വീട്ടിന്റെ സമീപത്തുള്ള കടയിലേയ്ക്ക് എന്റെ കാർഡ് ചേർത്തുതരുവാൻ ഞാൻ അപേക്ഷ കൊടുത്തിട്ടുണ്ട്. ഇതിന്മേൽ തീരുമാനമൊന്നുമായില്ല. കാർഡ് പുതുക്കുന്നതിനുളള അപേക്ഷാഫോറം എവിടെ നിന്നും ലഭിയ്ക്കും?**

കാർഡ് കൂട്ടിചേർത്തിരിക്കുന്ന കടയിൽ നിന്നും ഫാറം ലഭിക്കുന്നതാണ്. കാർഡ് പുതുക്കൽ പ്രക്രിയ കഴിഞ്ഞ ശേഷം സൗകര്യപ്രദമായ കടയിലേക്ക് കാർഡ് മാറ്റുവാൻ കഴിയും.

51. **ഞങ്ങളുടേത് ഒരു കൂട്ടുകുടുംബമാണ്. മൂന്ന് കുടുംബങ്ങൾ ഒരു വീട്ടിലാണ് താമസിക്കുന്നത്. മൂന്നു കാർഡ് നിലവിലുണ്ട്. ഇവ മൂന്നും പുതുക്കി പുതിയ കാർഡ് തരുമോ?**

മൂന്നു കുടുംബങ്ങൾക്കും പ്രത്യേകം പ്രത്യേകം താമസ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മൂന്നു കാർഡും പുതുക്കി നൽകുന്നതാണ്.

(ഒപ്പ്)
സിവിൽ സപ്ലൈസ് കമ്മീഷണർ